സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

വെടിനിർത്തൽ ലംഘിച്ചാൽ കടുത്ത പ്രതികരണമെന്ന് ഹൂതികൾ

മനാമ : ഗാസയിൽ നിലവിൽവന്ന വെടിനിർത്തൽ കരാർ ഇസ്രയേൽ ലംഘിച്ചാൽ കടുത്ത തിരിച്ചടിയുണ്ടാകുമെന്ന് യമനിലെ ഹൂതി വിമതർ മുന്നറിയിപ്പ് നൽകി. ഇസ്രയേൽ കേന്ദ്രങ്ങളും ചെങ്കടലിലെ ഇസ്രയേലുമായി ബന്ധമുള്ള കപ്പലുകളേയും ലക്ഷ്യമിടുമെന്നും ഹൂതികൾ വ്യക്തമാക്കി. ഗാസയിൽ ഉപരോധമോ ആക്രമണമോ പുനഃരാരംഭിച്ചാൽ വലിയ തോതിലുള്ള പ്രത്യാക്രമണങ്ങൾ ഉണ്ടാകുമെന്ന് മുതിർന്ന ഹൂതി ഉദ്യോഗസ്ഥൻ ഹിസാം അൽ അസദ് പറഞ്ഞു. യുഎസ് പ്രസിഡന്റ് ഡോണാൾഡ് ട്രംപ് മേഖല സന്ദർശിക്കുന്നതിനിടെയാണ് പ്രതികരണം.ഗാസയിൽ കടന്നാക്രമണം ആരംഭിച്ച ശേഷം 1,835 മിസൈലുകളും ഡ്രോണുകളും ഇസ്രയേൽ നഗരങ്ങൾക്കും ഇസ്രയേൽ ബന്ധമുള്ള കപ്പലുകൾക്കും നേരെ പ്രയോഗിച്ചതായി ഹൂതി നേതാവ് അറിയിച്ചു.

www.swathanthramandapam.com വാല്യം: 60 ലക്കം: 172 2025 ഒക്ടോബർ 14 ചൊവ്വ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സജിത വധക്കേസ്; പ്രതി ചെന്താമര കുറ്റക്കാരൻ, ശിക്ഷാവിധി വ്യാഴാഴ്ച

പാലക്കാട് : നെന്മാറ സജിത വധക്കേസിൽ പ്രതി ചെന്താമര കുറ്റക്കാരൻ. പാലക്കാട് അഡീഷണൽ ഡിസ്ട്രിക്ട് ആൻഡ് സെഷൻസ് കോടതി ജഡ്ജി കെന്നത്ത് ജോർജാണ് വിധി പ്രസ്താവിച്ചത്.

നെന്മാറ ഇരട്ടക്കൊലക്കേസിലും പ്രതിയാണ് ചെന്താമര. അയൽവാസിയായിരുന്ന പോത്തുണ്ടി തിരുത്തംപാടം ബോയൻ കോളനിയിൽ സുധാകരന്റെ ഭാര്യ സജിതയെ 2019 ഓഗസ്റ്റ് 31-നാണ് ചെന്താമര വെട്ടിക്കൊന്നത്.

തന്റെ ഭാര്യ പിണങ്ങി പോവാൻ കാരണം സജിത ആണെന്ന് ഒരു മന്ത്രവാദി പറഞ്ഞതിനെ തുടർന്നാണ് യുവതിയെ കൊലപ്പെടുത്തിയത്.

കുടുംബപ്രശ്നം മൂലം ചെന്താമരയുടെ ഭാര്യയും മകളും അകന്നുകഴിയുകയായിരുന്നു. ഇതിനുകാരണം സജിതയും കുടുംബവും ദുർമന്ത്രവാദം നടത്തുകയാണെന്ന് ഇയാൾ വിശ്വസിച്ചിരുന്നു. വീടിന്റെ പിറകുവശത്തുള്ള വാതിലിലൂടെ അകത്തുകയറിയാണ് സജിതയെ വെട്ടിയത്.

മരണം ഉറപ്പാക്കിയ ശേഷം വീട്ടിൽതിരിച്ചുവന്ന് വെട്ടാനുപയോഗിച്ച കത്തി അലമാരയ്ക്കടിയിൽ ഒളിപ്പിക്കുകയും രക്തക്കറ പുരണ്ട ഷർട്ട് കത്തിച്ചുകളയുകയും ചെയ്തു. തുടർന്ന് പോത്തുണ്ടി വനമേഖലയിൽ ഒളിച്ചുകഴിയുകയായിരുന്ന ചെന്താമരയെ രണ്ടുദിവസത്തെ തിരിച്ചിലിനൊടുവിലാണ് പിടികൂടിയത്.

ഈ കേസിൽ പിന്നീട് ജാമ്യത്തിലിറങ്ങി സജിതയുടെ ഭർത്താവ് സുധാകരനെയും അമ്മയെയും ചെന്താമര വെട്ടിക്കൊലപ്പെടുത്തിയിരുന്നു.

ചെന്താമര ഇനി പുറത്തിറങ്ങരുത്; വധശിക്ഷ നൽകണമെന്ന് കൊല്ലപ്പെട്ട സജിതയുടെ മക്കൾ

പാലക്കാട്: നെന്മാറ പോത്തുണ്ടി സജിത വധക്കേസിൽ പ്രതി ചെന്താമര കുറ്റക്കാരനെന്ന് കോടതി കണ്ടെത്തിയതിൽ പ്രതികരിച്ച് സജിത പെൺമക്കളായ അതുല്യയും അഖിലയും. ചെന്താമരക്ക് വധശിക്ഷ നൽകണമെന്ന് ഇരുവരും ആവശ്യപ്പെട്ടു.

കോടതി വിധിയിൽ ആശ്വാസമുണ്ട്. പ്രതിക്ക് നല്ല ശിക്ഷ നൽകണം. കോടതിയിൽ വിശ്വാസമുണ്ട്. പ്രതിയെ പുറത്തുവിടില്ലെന്ന് കരുതുന്നുവെന്നും ഇരുവരും വ്യക്തമാക്കി.

അതേസമയം, ബുധനാഴ്ച ശിക്ഷാ വിധിക്കായി കാത്തിരിക്കുകയാണെന്ന് സജിതയുടെ അമ്മ മാധ്യമങ്ങളോട് പ്രതികരിച്ചു. കൊലപാതകം അടക്കമുള്ള കുറ്റങ്ങൾ തെളിഞ്ഞതായി കോടതി വ്യക്തമാക്കി. ആറ് വർഷങ്ങൾക്ക് ശേഷമാണ് സജിത വധക്കേസിൽ വിചാരണ നടപടികൾ പൂർത്തിയാക്കി കോടതി വിധി പറയുന്നത്.

"കേരളത്തിൽ നിന്നുകൊണ്ട് രാജ്യം മുഴുവൻ പ്രവർത്തിക്കാമല്ലോ'; അബിൻ വർക്കിക്ക് മറുപടിയുമായി സണ്ണി ജോസഫ്

തിരു : യൂത്ത് കോൺഗ്രസ് ദേശീയ നേതൃത്വത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ടതിന് പിന്നാലെ അതൃപ്തി പ്രകടിപ്പിച്ച അബിൻ വർക്കിക്ക് മറുപടിയുമായി കെപിസിസി അദ്ധ്യക്ഷൻ സണ്ണി ജോസഫ് രംഗത്ത്. കേരളത്തിൽ നിന്നുകൊണ്ട് രാജ്യം മുഴുവൻ പ്രവർത്തിക്കാമല്ലോ എന്ന് സണ്ണി ജോസഫ് പറഞ്ഞു. കെസി വേണുഗോപാൽ കേരളത്തിലും കേന്ദ്രത്തിലും പ്രവർത്തിക്കുന്നുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. തൃത്താലയിൽ ഒരു പരിപാടിയിൽ പങ്കെടുത്തതിന് ശേഷം മാദ്ധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

യൂത്ത് കോൺഗ്രസ് വൈസ് പ്രസിഡന്റായി തുടരാനാണ് ആഗ്രഹമെന്നും സംസ്ഥാന തലത്തിൽ തുടരാൻ അനുവദിക്കണമെന്നും അബിൻ വർക്കി അതൃപ്തി പരസ്യമാക്കി മാദ്ധ്യമങ്ങളോട് വ്യക്തമാക്കിയിരുന്നു. ഇതിന് പിന്നാലെയാണ് സണ്ണി ജോസഫിന്റെ പ്രതികരണം. പാർട്ടി തീരുമാനം തെറ്റായിപ്പോയെന്ന് പറയില്ല. പാർട്ടി എടുക്കുന്ന തീരുമാനം അംഗീകരിക്കുമെന്നും അബിൻ വർക്കി മാദ്ധ്യമങ്ങളോട് പറഞ്ഞു.

'മതേതരത്വം മുറുകെ പിടിക്കുന്നവരാണ് എല്ലാവരും. ക്രിസ്ത്യാനി ആയത് പ്രശ്നം ആണോ എന്ന് അറിയില്ല. പാർട്ടി അങ്ങനെ കാണുന്നുണ്ടോ എന്നറിയില്ല. യൂത്ത് കോൺഗ്രസിന്റെ ദേശീയ നേതൃത്വം ഒരു തീരുമാനമെടുത്തിരിക്കുകയാണ്. യൂത്ത് കോൺഗ്രസിന്റെ മണ്ഡലം സെക്രട്ടറിയായിട്ടാണ് പൊതുപ്രവർത്തനം ആരംഭിച്ചത്. പിന്നീട് കെ എസ് യു യൂണിറ്റ് പ്രസിഡന്റായി. യൂത്ത് കോൺഗ്രസ് വൈസ് പ്രസിഡന്റ് വരെയായി. ഇതൊക്കെ ആകുമ്പോൾ ഏറ്റവും കടപ്പാട് രാഹുൽ ഗാന്ധിയോടാണ്.

ജനാധിപത്യപരമായ തിരഞ്ഞെടുപ്പ് പ്രക്രിയയിലൂടെയാണ് ഞാനടക്കമുള്ളവർ കടന്നുവന്നത്'- അബിൻ വർക്കി പറഞ്ഞു.

മുൻ എം എൽ എ ബാബു എം പാലിശ്ശേരി അന്തരിച്ചു

കുന്നംകുളം: മുൻ എം എൽ എ ബാബു എം പാലിശ്ശേരി അന്തരിച്ചു. ഇന്ന് ഉച്ചയോടെയായിരുന്നു അന്ത്യം. അതീവ ഗുരുതരാവസ്ഥയിലായിരുന്നു. കടുത്ത ശ്വാസ തടസ്സം അനുഭവപ്പെട്ടതിനെ തുടർന്ന് രണ്ടുദിവസം മുൻപാണ് കുന്നംകുളം യൂണിറ്റി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. അസുഖബാധിതനായി ഏറെനാളുകളായി ചികിത്സയിലുമായിരുന്നു. ഞരമ്പുകളെ ബാധിച്ച പാർക്കിസൺസ് അസുഖമായിരുന്നു. പിന്നീട് ചെറിയ കോമ സ്റ്റേജിലേക്ക് മാറുകയും വീട്ടിൽ തന്നെ ശുശ്രൂഷയിൽ തുടരുകയുമായിരുന്നു.ഇതിനിടെയാണ് രോഗം മൂർച്ഛിച്ചത്.

2005, 2010 എന്നീ 2 കാലഘട്ടങ്ങളിൽ കുന്നംകുളത്ത് ഇടതുപക്ഷത്തിന്റെ എം എൽ എ ആയിരുന്നു.

കുന്നംകുളം കടവല്ലൂർ സ്വദേശിയാണ്. സിപിഐ എം തൃശൂർ ജില്ലാ മുൻ സെക്രട്ടറിയറ്റംഗമായിരുന്നു.

എ.ടി.എം മെഷീനിൽ പശ തേച്ച് കാർഡ് കുടുക്കും, പണം തട്ടിയെടുക്കും; 2പേർ അറസ്റ്റിൽ

ന്യൂഡൽഹി: എ.ടി.എം മെഷീനിൽ പശ തേച്ച് കാർഡ് തടസ്സപ്പെടുത്തി പണം തട്ടിയ രണ്ട് പേർ അറസ്റ്റിൽ. തെക്കൻ ഡൽഹിയിലെ നെബ് സരായ് സ്വദേശികളായ റൗഷൻ കുമാർ (23), പിന്റു കുമാർ (32) എന്നിവരാണ് അറസ്റ്റിലായത്. ഡൽഹിയിലുടനീളമുള്ള വിവിധ എ.ടി.എമ്മുകളിൽ 50ലധികം തട്ടിപ്പുകൾ ഇവർ നടത്തിയിട്ടുണ്ടെന്ന് അന്വേഷണത്തിൽ വ്യക്തമായി. ഇവരുടെ കൂട്ടത്തിലെ ഒൻപത് പേരെ തിരിച്ചറിഞ്ഞിട്ടുണ്ട്. നാല് എഫ്.ഐ.ആറുകളും അഞ്ച് പരാതികളും പ്രതികൾക്കെതിരെ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും പൊലീസ് അറിയിച്ചു.

കുതിച്ചു കയറി സ്വർണവില, ഒറ്റയടിക്ക് കൂടിയത് 2,400 രൂപ;

കൊച്ചി: സ്വർണവിലയിൽ വീണ്ടും റെക്കോഡ് വർധന. ഒരു പവൻ സ്വർണത്തിന് 2,400 രൂപയാണ് ഇന്ന് വർധിച്ചത്. 94,360 രൂപയാണ് ഒരു പവൻ സ്വർണത്തിന്റെ വില.

ഗ്രാമിന് 11,795 രൂപയിലാണ് ഇന്ന് വ്യാപാരം നടക്കുന്നത്. തിങ്കളാഴ്ചത്തെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ 300 രൂപയുടെ വർധനവ് രേഖപ്പെടുത്തി. തിങ്കളാഴ്ച ഗ്രാമിന് 11,495 രൂപയും പവന് 91,960 രൂപയുമായിരുന്നു വില.

ഒക്ടോബർ മാസത്തെ ഏറ്റവും കൂടിയ വിലയും ഇന്നാണ് രേഖപ്പെടുത്തിയത്. 94,360 രൂപ. ഈ മാസത്തെ ഏറ്റവും കുറഞ്ഞ വിലയായ 86,560 ഒക്ടോബർ 3ന് രേഖപ്പെടുത്തി.

ഒക്ടോബർ ഒന്നിന് പവൻ വില 87000 രൂപയായിരുന്നു. എന്നാൽ വൈകിട്ടോടെ 87440 ഉയർന്നു. തുടർന്ന് മൂന്നാം തീയതി രാവിലെ വില 86,560 രൂപയിലും വൈകിട്ട് 86920 രൂപയിലും എത്തി. നാലിനും അഞ്ചിനും വില 87560 രൂപയായിരുന്നു. ആറി നും ഏഴിനും യഥാക്രമം 88560, 89480 രൂപയായിരുന്നു വില.

എട്ടാം തീയതി രാവിലെ 90320 രൂപയായിരുന്ന വില വൈകിട്ടോടെ 90880ലേക്ക് കുതിച്ചു. ഒമ്പതാം തീയതി 91040ലേക്ക് ഉയർന്ന വില പത്താം തീയതി രാവിലെ 89680 ലേക്ക് താഴുകയും വൈകിട്ട് 90720 രൂപയിലേക്ക് ഉയരുകയും ചെയ്തു.

പതിനൊന്നാം തീയതി 91120 രൂപയിലേക്ക് വീണ്ടും ഉയർന്ന സ്വർണവില വൈകിട്ട് 91720 രൂപയിലേക്ക് വീണ്ടും കയറി. പന്ത്രണ്ടാം തീയതി ഈ വില തുടർന്ന ശേഷം തിങ്കളാഴ്ച 91960 രൂപയിലേക്ക് കുതിച്ചു.

ഇന്ത്യയിലും ചൈനയിലും സ്വർണത്തിന് ഡിമാൻഡ് വർധിച്ചത് വില ഉയരാൻ കാരണമായി.

കൂടാതെ, ഡോളർ വില കുതിച്ചു കയറിയതും രൂപയുടെ വിനിമയ നിരക്ക് കൂടുതൽ ദുർബലമായതും സ്വർണ വില വർധിക്കാൻ ഇടയാക്കി.

അതിർത്തിയിൽ നുഴഞ്ഞുകയറ്റശ്രമം; കുപ്വാരയിൽ രണ്ട് ഭീകരരെ വധിച്ച് സൈന്യം

ശ്രീനഗർ: ജമ്മു കാശ്മീരിൽ കുപ്വാര ജില്ലയിലെ നിയന്ത്രണരേഖയിൽ (എൽഒസി) നുഴഞ്ഞുകയറ്റശ്രമം പരാജയപ്പെടുത്തി സൈന്യം. തുടർന്നുണ്ടായ ഏറ്റുമുട്ടലിൽ രണ്ട് ഭീകരരെ വധിച്ചതായി സൈനിക ഉദ്യോഗസ്ഥരെ ഉദ്ധരിച്ച് വാർത്താ ഏജൻസിയായ എഎൻഐ റിപ്പോർട്ട് ചെയ്തു. നിയന്ത്രണരേഖയ്ക്ക് സമീപം സംശയാസ്പദമായ നീക്കം സൈനികരുടെ ശ്രദ്ധയിൽപ്പെടുകയായിരുന്നു.

ഉടൻ തന്നെ നുഴഞ്ഞുകയറ്റക്കാർക്ക് നേരെ സൈന്യം വെടിയുതിർത്തു. സൈന്യവും ഭീകരരും തമ്മിൽ ഏറ്റുമുട്ടലുണ്ടായതായി ഉദ്യോഗസ്ഥർ അറിയിച്ചു. പ്രദേശത്ത് ഇപ്പോഴും തിരച്ചിൽ തുടരുകയാണ്. രാജൗരി ജില്ലയിലെ ബീരൻതുബ് മേഖലയിൽ ജമ്മു കാശ്മീർ പൊലീസിന്റെ സ്പെഷ്യൽ ഓപ്പറേഷൻസ് ഗ്രൂപ്പും (എസ്ഒജി) ഭീകരരും തമ്മിൽ ഏറ്റുമുട്ടൽ നടന്നതിന് പിന്നാലെയാണ് പുതിയ സംഭവം.

കഴിഞ്ഞയാഴ്ച മഞ്ഞുവീഴ്ചയും പ്രതികൂല കാലാവസ്ഥയും ഭീകരർ നുഴഞ്ഞുകയറ്റത്തിനായി മുതലെടുക്കുന്നില്ലെന്ന് ഉറപ്പാക്കാൻ സുരക്ഷാ സേന കൂടുതൽ ജാഗ്രത പാലിക്കണമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ നിർദ്ദേശിച്ചിരുന്നു. ജമ്മു കാശ്മീരിലെ നിലവിലെ സ്ഥിതി വിലയിരുത്താൻ ഒക്ടോബർ ഒമ്പതിന് ഡൽഹിയിൽ അമിത് ഷാ വിളിച്ചുചേർത്ത ഉന്നതതല സുരക്ഷാ അവലോകന യോഗത്തിലാണ് നിർദ്ദേശം നൽകിയത്.

ഏകദേശം മൂന്ന് മണിക്കൂറോളം നീണ്ട യോഗത്തിൽ ജമ്മു കാശ്മീർ ലെഫ്റ്റനന്റ് ഗവർണർ മനോജ് സിൻഹ, കേന്ദ്ര ആഭ്യന്തര സെക്രട്ടറി, ഇന്റലിജൻസ് ബ്യൂറോ ഡയറക്ടർ, കരസേനാ മേധാവി, ജമ്മു കാശ്മീർ ചീഫ് സെക്രട്ടറി, ഡിജിപി, കേന്ദ്ര സായുധ പൊലീസ് സേനകളുടെ (സിഎപിഎഫ്) ഡയറക്ടർ ജനറൽമാർ, കേന്ദ്ര സർക്കാരിന്റെയും സൈന്യത്തിന്റെയും ജമ്മു കാശ്മീർ ഭരണകൂടത്തിന്റെയും മറ്റ് മുതിർന്ന ഉദ്യോഗസ്ഥരും പങ്കെടുത്തു.

255 ഗ്രാം സ്വർണം എവിടെപ്പോയി? വൈക്കം മഹാദേവ ക്ഷേത്രത്തിലും സ്വർണ വിവാദം; മറുപടി ഇല്ലാതെ ദേവസ്വം ബോർഡ്

കോട്ടയം: വൈക്കം മഹാദേവ ക്ഷേത്രത്തിൽ ഭക്തർ വഴിപാടായി നൽകിയ സ്വർണത്തിൽ 255.83 ഗ്രാം കുറവ് കണ്ടെത്തിയതായി സംസ്ഥാന ഓഡിറ്റ് റിപ്പോർട്ട്. 2020-21 വർഷത്തിലെ രജിസ്റ്ററുകൾ സംസ്ഥാന ഓഡിറ്റ് വകുപ്പ് പരിശോധിച്ചപ്പോഴാണ് 255 ഗ്രാം സ്വർണം കാണാതായത് കണ്ടെത്തിയത്. ഈ ഓഡിറ്റ് റിപ്പോർട്ട് കഴിഞ്ഞ വർഷം നവംബറിൽ ഹൈക്കോടതിയിൽ സമർപ്പിച്ചു.

വൈക്കം മഹാദേവ ക്ഷേത്രത്തിൽ ഭക്തർ സ്വർണം, വെള്ളി ഉൾപ്പെടെയുള്ള ഉരുപ്പടികൾ വഴിപാടായി നൽകാറുണ്ട്. ഇങ്ങനെ ലഭിക്കുന്ന ആഭരണങ്ങൾ ആദ്യം രജിസ്റ്ററിൽ രേഖപ്പെടുത്തുകയും, അതിനുശേഷം പൊതിഞ്ഞ് സ്ട്രോങ്ങ് റൂമിലേക്ക് മാറ്റുകയുമാണ് പതിവ്. ആകെ 199 സ്വർണ്ണപ്പൊതികളാണ് ക്ഷേത്രത്തിൽ ഉണ്ടായിരുന്നത്. രജിസ്റ്ററിൽ രേഖപ്പെടുത്തിയിരുന്ന സ്വർണത്തിന്റെ ആകെ അളവ് 3247.9 ഗ്രാം ആയിരുന്നു. എന്നാൽ, സ്ട്രോങ് റൂമിൽ പരിശോധന നടത്തിയപ്പോൾ 2992.07 ഗ്രാം സ്വർണം മാത്രമാണ് ഉണ്ടായിരുന്നത്.

ഈ കണക്കിലെ വ്യത്യാസം പ്രകാരം, 255.83 ഗ്രാമിന്റെ കുറവാണ് ഓഡിറ്റ് വിഭാഗം സ്ഥിരീകരിച്ചത്. ഇക്കാര്യത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് വിശദീകരണം നൽകിയിട്ടില്ല. സ്വർണം കാണാതായ സംഭവവുമായി ബന്ധപ്പെട്ട്, റിപ്പോർട്ട് കോടതിയിൽ സമർപ്പിക്കുന്നതിനു മുൻപ് ഓഡിറ്റ് വിഭാഗം ദേവസ്വം ബോർഡിനോട് വിശദീകരണം തേടിയിരുന്നു. ഒരുതരത്തിലുള്ള വിശദീകരണവും ദേവസ്വം ബോർഡ് ഓഡിറ്റ് വിഭാഗത്തിന് നൽകിയിട്ടില്ല എന്നാണ് പുറത്തുവരുന്ന വിവരങ്ങൾ.

പാലിയേക്കര ടോൾ വിലക്ക് തുടരും; കളക്ടർ ഇന്നുതന്നെ സ്ഥലം സന്ദർശിച്ച് പരിശോധിക്കണമെന്ന് ഹൈക്കോടതി

കൊച്ചി: പാലിയേക്കരയിൽ ടോൾ പിരിവ് വിലക്കിക്കൊണ്ടുള്ള ഹൈക്കോടതി ഉത്തരവ് തുടരും. ടോൾ പിരിവ് പുനഃരാരംഭിക്കുന്നതിൽ വെള്ളിയാഴ്ച ഉത്തരവിടാമെന്ന് ഹൈക്കോടതി വ്യക്തമാക്കി. ടോൾ പിരിവ് താൽക്കാലികമായി നിർത്തിവച്ചുകൊണ്ടുള്ള ഹൈക്കോടതി ഉത്തരവ് പുനഃപരിശോധിക്കണമെന്നാവശ്യപ്പെട്ടുള്ള ദേശീയപാതാ അതോറിറ്റിയുടെ ഹർജിയും ഇന്ന് പരിഗണിച്ചു. ഇതുമായി ബന്ധപ്പെട്ട് ഓൺലൈനായി ഹജരായ തൃശൂർ ജില്ലാ കളക്ടറോട് നിലവിലെ റോഡിന്റെ അവസ്ഥയെക്കുറിച്ച് കോടതി വിവരം തേടി.

60 കിലോമീറ്റർ ടോൾ പിരിക്കുന്ന ദൂരത്തിൽ മൂന്നോ നാലോ ഇടങ്ങളിൽ മാത്രമാണ് പ്രശ്നമെന്ന് എജി ഹൈക്കോടതിയെ അറിയിച്ചു. എന്നാൽ, എവിടെയൊക്കെയാണ് പ്രശ്നമെന്ന് കോടതി കളക്ടറോട് ചോദിച്ചു. അഞ്ച് കിലോമീറ്റർ ദൂരത്തിലാണ് പ്രശ്നമെന്ന് കളക്ടർ മറുപടി നൽകി. ദേശീയപാതാ അതോറിറ്റി മനഃപൂർവം റോഡ് നന്നാക്കാതിരിക്കുന്നതല്ലെന്ന് എജി വാദിച്ചു. തുടർന്ന് ഇപ്പോൾ ഏതെങ്കിലും ഇടങ്ങളിൽ ഗതാഗതക്കുരുക്ക് ഉണ്ടോയെന്ന് കളക്ടറോട് കോടതി ചോദിച്ചു. ശേഷം ഇന്നുതന്നെ സ്ഥലം സന്ദർശിച്ച് പരിശോധിക്കാനും കോടതി നിർദേശിച്ചു. സുഗമമായ ഗതാഗതം ഉറപ്പാക്കിയ ശേഷമേ ടോൾ പിരിക്കാവൂ എന്ന സുപ്രീം കോടതി ഉത്തരവും ഹൈക്കോടതി ചൂണ്ടിക്കാട്ടി.

കാട്ടാന ചായക്കട തകർത്തു

തൃശ്ശൂർ: മലക്കപ്പാറയിൽ കാട്ടാന ചായക്കട തകർത്തു. മലക്കപ്പാറ സ്വദേശി മുരുകന്റെ ചായക്കടയാണ് കാട്ടാന തകർത്തത്. ഇന്ന് പുലർച്ചെ 5 ആനകൾ അടങ്ങുന്ന കൂട്ടമാണ് കട തകർത്തത്.

കോടതി പരസ്യം

ബഹു. ഇരിങ്ങാലക്കുട കുടുംബകോടതി മുമ്പാകെ

MC: 147/2023

MP: 425/2023

തൃശൂർ ജില്ല, പള്ളിപ്പുറം വില്ലേജ്, വട്ടക്കോട്ട ദേശത്ത് പുല്ലാർക്കാട്ടിൽ അബൂബക്കർ മകൾ 34 വയസ് സജില (മാള പോലീസ് സ്റ്റേഷൻ)

-ഹരജിക്കാരി

തൃശൂർ ജില്ല എടമുട്ടം വില്ലേജ്, മുരിയാംതോട് ദേശത്ത് കാക്കശ്ശേരി അബ്ദുൾകരീം മകൻ 40 വസ് സിറാജുദ്ദീൻ (വലപ്പാട് പോലീസ് സ്റ്റേഷൻ)

-എതൃകക്ഷി

മേൽ നമ്പറിലെ M.C.147/2023 ഹരജിയിൽ എതൃകക്ഷിക്കുള്ള നോട്ടീസ് കോടതി നോട്ടീസ് ബോർഡിലും എതൃകക്ഷിയുടെ വാസസ്ഥലത്തും പതിച്ചുനടത്തുവാൻ കല്പിച്ച് കേസ് 17-10-2025 തിയ്യതിക്ക് വിചാരണക്ക് വെച്ചിട്ടുള്ളതും ടി കാര്യത്തിൽ ആർക്കെങ്കിലും എന്തെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ അന്നേദിവസം പകൽ 11മണിക്ക് കോടതിയിൽ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം നിങ്ങളെ കൂടാതെ തീർപ്പ് കല്പിക്കുന്നതാണെന്നും ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

എന്ന്, 12-10-2025

ഹരജിക്കാരിഭാഗം അഡ്വക്കേറ്റ്

ഒ. എസ് നഫീസ (ഒപ്പ്)

ഗുരുവായൂരിലെ കൊമ്പൻ ഗോകുൽ ചരിഞ്ഞത് ക്രൂരമർദനത്തെ തുടർന്ന് പാപ്പാന്മാർക്ക് സസ്പെൻഷൻ, അന്വേഷണം ആരംഭിച്ചു

തൃശൂർ: ഗുരുവായൂർ ആനക്കോട്ടയിലെ കൊമ്പൻ ഗോകുൽ ചരിഞ്ഞത് പാപ്പാന്മാരുടെ ക്രൂരമർദനത്തെ തുടർന്നെന്ന് റിപ്പോർട്ട്. സംഭവത്തിൽ വനംവകുപ്പ് അന്വേഷണം ആരംഭിച്ചിട്ടുണ്ട്. ആനയുടെ പോസ്റ്റ്മോർട്ടം ഇന്ന് കോടനാട്ട് നടക്കും. സംഭവത്തിൽ ആനയുടെ രണ്ടും മൂന്നും പാപ്പാന്മാരെ സസ്പെൻഡ് ചെയ്തു.

സെപ്തംബർ ഒമ്പതിന് രാത്രി പത്തിനായിരുന്നു മർദനമേറ്റത്. പാപ്പാന്മാർ ആനയുടെ അടുത്തുചെന്ന് മർദിക്കുന്നത് കണ്ട ഡ്യൂട്ടിയിലുള്ള സുരക്ഷാ ഉദ്യോഗസ്ഥൻ വിവരം ആനക്കോട്ടിലെ മേലുദ്യോഗസ്ഥരെ അറിയിക്കുകയായിരുന്നു. അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് രണ്ടാം പാപ്പാൻ ജി ഗോകുൽ, മൂന്നാം പാപ്പാൻ കെ എ സത്യൻ എന്നിവരെ സസ്പെൻഡ് ചെയ്തത്. 26ന് ചേർന്ന ദേവസ്വം ഭരണസമിതിയോഗ തീരുമാനപ്രകാരമായിരുന്നു സസ്പെൻഷൻ.

ഇന്നലെ ഉച്ചയ്ക്ക് 12.30നാണ് 35 വയസുള്ള കൊമ്പൻ ഗോകുൽ ചരിഞ്ഞത്. 1994 ജനുവരി ഒമ്പതിന് എറണാകുളം ചുള്ളിക്കൽ അറയ്ക്കൽ ഹൗസിൽ എഎസ് രഘുനാഥൻ നടയ്ക്കിരുത്തിയ ആനയാണ് ഗോകുൽ. കഴിഞ്ഞ ഫെബ്രുവരിയിൽ കൊയിലാണ്ടിയിൽ ഒരു ഉത്സവത്തിനിടെ പീതാംബരൻ എന്ന ആനയിൽ നിന്ന് കുത്തേറ്റ് ഗുരുതരമായി പരിക്കേറ്റ് ചികിത്സയിലായിരുന്ന ഗുരുവായൂർ ഗോകുൽ വളരെ ക്ഷീണിതനായിരുന്നു. കുറച്ചുനാളായി വിശ്രമത്തിലായിരുന്നു. ഉത്സവപ്പറമ്പുകളിൽ ഏറെ ആരാധകരുള്ള ഗജവീരനായിരുന്നു ഗോകുൽ. ആനക്കോട്ടയിൽ 66 ആനകൾ ഉണ്ടായിരുന്നു. എന്നാൽ 15 വർഷം കൊണ്ട് 31 ആനകളാണ് ചരിഞ്ഞത്. പത്തുമാസത്തിനുള്ളിൽ മൂന്നാനകളാണ് ചരിഞ്ഞത്.

'ഒറ്റ ദിവസം എട്ടു കോടി പൊട്ടിക്കാൻ ഇതെന്ത് വെള്ളരിക്കാ പട്ടണമോ,? അയ്യപ്പസംഗമത്തിന്റെ ചെലവ് കണക്കുകൾ പുറത്തുവിടണം': ചെന്നിത്തല

തിരു : ആഗോള അയ്യപ്പ സംഗമത്തിന് ചെലവായി എന്നു പറയുന്ന എട്ടുകോടി രൂപ കമ്മിഷൻ കൂടി ചേർത്ത തുകയാണെന്നും ചെലവിന്റെ വിശദാംശങ്ങൾ അടിയന്തരമായി പുറത്തു വിടണമെന്നും കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല ആവശ്യപ്പെട്ടു. ഒറ്റ ദിവസത്തെ പരിപാടിക്ക് എട്ടുകോടി രൂപ ചെലവായതിന്റെ ലോജിക്ക് പിടികിട്ടുന്നില്ല. ഇതിന്റെ വിശദാംശങ്ങൾ പുറത്തു വിടണം. ഇത്ര ഭീമമായ തുക ഒറ്റദിവസം കൊണ്ട് ചെലവഴിക്കാൻ ഇത് വെള്ളരിക്കാ പട്ടണമാണോ? ഏതൊക്കെ ഇനത്തിലാണ് ഈ പറയുന്ന എട്ടു കോടി ചെലവായത് എന്നറിയാൻ ജനങ്ങൾക്ക് അവകാശമുണ്ട്. ഇതിൽ ഭൂരിപക്ഷവും വേണ്ടപ്പെട്ടവർക്കുള്ള കമ്മിഷനാണ്. ഇത് അടിമുടി കമ്മിഷൻ സർക്കാരാണ്.

അയ്യപ്പസംഗമത്തിന്റെ ചെലവ് സ്പോൺസർമാരിൽ നിന്നും കണ്ടെത്തുമെന്നാണ് സർക്കാർ അറിയിച്ചിരുന്നത്. എന്നാൽ ഇതുവരെ സ്പോൺസർമാരിൽ നിന്ന് എത്ര തുക കിട്ടി എന്നും ഏതൊക്കെ സ്പോൺസർമാരാണ് പണം നൽകിയതെന്നും വ്യക്തമാക്കണം. ഇതുവരെ നാലു കോടിയോളം രൂപ പദ്ധതിനടത്തിപ്പിന്റെ ബിൽ ഇനത്തിൽ മാറിയതായി മനസിലാക്കാൻ കഴിഞ്ഞു. ഇതെല്ലാം പോയിരിക്കുന്നത് ദേവസ്വം ബോർഡിന്റെ വർക്കിങ് ഫണ്ടിൽ നിന്നാണ്. സ്പോൺസർമാർ തുക നൽകുന്നുണ്ടെങ്കിൽ പിന്നെ എന്തിനാണ് ദേവസ്വം ബോർഡിന്റെ ഫണ്ടിൽ നിന്ന് ഈ തുക ചെലവാക്കിയിരിക്കുന്നത്. ആരാണ് ഈ പൊളിഞ്ഞുപോയ പരിപാടിക്ക് എട്ടു കോടി നൽകുന്ന സ്പോൺസർമാർ?

കോട്ടയത്തെയും കുമരകത്തെയും നക്ഷത്രഹോട്ടലുകൾക്ക് ദേവസ്വം ബോർഡ് ഫണ്ടിൽ നിന്നും ലക്ഷക്കണക്കിന് രൂപയുടെ അഡ്വാൻസ് നൽകിയത് മാദ്ധ്യമങ്ങൾ പുറത്തുകൊണ്ടുവന്നിരുന്നു. ആരൊക്കെയാണ് ഈ നക്ഷത്രഹോട്

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

ഉർവശിക്ക് സത്യൻ ചലച്ചിത്ര പുരസ്കാരം

തൃശ്ശൂർ: കേരള കൾച്ചറൽ ഫോറത്തിന്റെ 'സത്യൻ ചലച്ചിത്ര പുരസ്കാരം' നടി ഉർവശിക്ക്. മലയാള സിനിമയ്ക്ക് നൽകിയ സംഭാവന പരിഗണിച്ചാണ് നടിയ്ക്ക് പുരസ്കാരം. 50,000 രൂപയും ശില്പവും അടങ്ങുന്നതാണ് പുരസ്കാരം. നാടക രംഗത്തെ സമഗ്ര സംഭാവനക്കുള്ള പുരസ്ക്കാരം കെ.എം ധർമന് മാണിയാട്ട് കോറസ് കലാസമിതി ഏർപെടുത്തിയ എൻ എൻ പിള്ള പുരസ്ക്കാരവും ഇക്കുറി ഉർവശിയ്ക്കാണ്.

ട്രെയിൻ യാത്രക്കിടെ മരണം

തൃശ്ശൂർ: മുളങ്കുന്നത്തുകാവ് ട്രെയിൻ യാത്രക്കാരൻ ആംബുലൻസ് കിട്ടാത്തതിനെ തുടർന്ന് മരിച്ച സംഭവം: ഇന്റലിജൻസ് എഡിജിപി റിപ്പോർട്ട് തേടി. മരണം സ്ഥിരീകരിച്ച ഡോക്ടറുടെ മൊഴിയെടുക്കും.

മോഷ്ടാവ് പിടിയിൽ

തൃശൂർ: നിരവധി കേസുകളിലെ പ്രതിയും കുപ്രസിദ്ധ മോഷ്ടാവുമായ കാസർഗോഡ് സ്വദേശി ചെറുതുരുത്തി പോലീസിന്റെ പിടിയിൽ. മഞ്ചേശ്വരം സ്വദ്രീന മൻസിലിൽ മുഹമ്മദ് ശിഹാബ് ആണ് അറസ്റ്റിലായത്.

ക്ഷേത്രത്തിൽ വീണ്ടും മോഷണം

തൃശൂർ: ചെമ്മാപ്പിള്ളി തെക്കിനിയേടത്ത് ശ്രീ ഭുവനേശ്വരി ദേവി ക്ഷേത്രത്തിൽ വീണ്ടും മോഷണം.ഭണ്ഡാരങ്ങളും ഓഫീസ് മുറിയിലെ മേശയും തകർത്ത് 10,000 രൂപയോളം കവർന്നു.

ഓട്ടോറിക്ഷ കത്തിച്ചു

തൃശ്ശൂർ: മുറ്റിച്ചൂർ വീടിന് മുന്നിൽ പാർക്ക് ചെയ്തിരുന്ന ഓട്ടോറിക്ഷ കത്തിച്ചതായി പരാതി. മുറ്റിച്ചൂർ ബാപ്പു നഗറിൽ താമസിക്കുന്ന എലുവത്തിങ്കൽ മെജോയുടെ പാസഞ്ചർ ഓട്ടോറിക്ഷയാണ് കത്തിനശിച്ചത്. ചൊവ്വാഴ്ച പുലർച്ചെയാണ് സംഭവം. ശബ്ദം കേട്ട് വീട്ടുകാർ വാതിൽ തുറന്ന് പുറത്തേക്ക് വരുമ്പോഴേക്കും ഓട്ടോറിക്ഷ പൂർണമായും കത്തിയമർന്നു.

നിര്യാതയായി

ഇന്ദിര

തൃപ്രയാർ : കരയാ മുട്ടം പരേതനായ മാടാനി ഉണ്ണികൃഷ്ണന്റെ ഭാര്യ ഇന്ദിര (58) നിര്യാതയായി. മക്കൾ :രശ്മി. രാജി. മരുമക്കൾ :സുമേഷ്, സുധീഷ്. സംസ്കാരം ഇന്ന് രാവിലെ 10 ന് നാട്ടിക പഞ്ചായത്ത് ശ്മശാനത്തിൽ നടത്തപ്പെട്ടു.

മണ്ഡലം പ്രസിഡന്റ് അഡ്വ നളിനാക്ഷൻ ഇരട്ടപ്പുഴയുടെ മാതാവ് വിനോദിനി നിര്യാതയായി

ചാവക്കാട്: ഇരട്ടപ്പുഴ പരേതനായ ആലിൽ സുബ്രഹ്മണ്യൻ ഭാര്യ വിനോദിനി (83) നിര്യാതയായി.

മക്കൾ: ഉദയാദേവി,അഡ്വ. നളിനാക്ഷൻ ഇരട്ടപ്പുഴ (കടപ്പുറം മണ്ഡലം കോൺഗ്രസ് കമ്മിറ്റിപ്രസിഡന്റ്), പുഷ്പമിത്രൻ, രമേശൻ, മിനി. പരേതയായ വസന്ത. മരുമക്കൾ: നാരായണൻ, സിന്ധു, ബിന്ദു, ഗിൽഷ, സജീവ്. സംസ്കാരം നടന്നു.

ശബരിമലയിലെ സ്വർണ്ണം നഷ്ടപ്പെട്ട വിഷയത്തിൽ സിപിഎം നിലപാട് ദുരൂഹം: അഡ്വ. ജോയി എബ്രഹാം

കൈപ്പറമ്പ്.,ശബരിമലയിലെ സന്നിധാനത്തിൽ ക്ഷേത്ര പാലക ദാരു ശില്പത്തിന്റെ സ്വർണ്ണ പാളികളും, താഴിക കുടങ്ങളും, ശ്രീ കോവിലിന്റെ വാതിലുകളും, സ്വർണ്ണം പൂശാൻ എന്ന വ്യാജേനെ അഴിച്ചെടുത്ത ചെമ്പാക്കി മാറ്റിയ വിഷയത്തിൽ, ചില വ്യക്തികളുടെ മേൽ വെച്ച് രക്ഷപ്പെടാനുള്ള സിപിഎമ്മിന്റെ നീക്കം ജനം തിരിച്ചറിഞ്ഞതായി, കേരള കോൺഗ്രസ് സെക്രട്ടറി ജനറൽ സെക്രട്ടറി മുൻ എംപി അഡ്വക്കറ്റ് ജോയ് എബ്രഹാം കുറ്റപ്പെടുത്തി.

കേരള കോൺഗ്രസ് വജ്ര ജൂബിലി കുടുംബ സംഗമം ജില്ലാതല ഉദ്ഘാടനം കൈപ്പറമ്പിൽ നിർവഹിച്ചു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.. ഹൈക്കോടതി ഇതു സംബന്ധിച്ചു കേസെടുക്കാൻ നിർദ്ദേശിക്കുന്നത് വരെ സിപിഎമ്മിന്റെ നിശബ്ദത ദുരൂഹമായിരുന്നുവെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. യോഗത്തിൽ കേരള കോൺഗ്രസ് ജില്ലാ ജനറൽ സെക്രട്ടറി അൻസൺ കെ ഡേവിഡ് അധ്യക്ഷത വഹിച്ചു. ജില്ലാ പ്രസിഡണ്ട് സി. വി. കുര്യാക്കോസ് ആമുഖപ്രസംഗം നടത്തിയ ചടങ്ങിൽ കേരള കോൺഗ്രസ് ഡെപ്യൂട്ടി ചെയർമാൻ മുൻ എംഎൽഎ അഡ്വക്കേറ്റ് തോമസ് ഉണ്ണിയാഡൻ മുഖ്യാതിഥിയായിരുന്നു. കർഷക അവാർഡ് ജേതാക്കളെയും, മുൻകാല നേതാക്കളെയും ആദരിച്ചു. മുൻ ഭാരവാഹികൾക്ക് മരണാനന്തര ആദരവ് നൽകി.. പഞ്ചായത്തിലെ മികച്ച ജനപ്രതിനിധിയായ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ലിന്റി ഷിജു, മഴവിൽ മനോരമ പാട്ടിലെ താരം മത്സരത്തിൽ ഗോൾഡൻ ബസർ നേടിയ ടി.പി. സന്തോഷ്, പുഴക്കൽ ബ്ലോക്ക് പഞ്ചായത്ത് മുൻ പ്രസിഡണ്ട് കെ ജെ ജ്യോതി ടീച്ചർ എന്നിവരെയും യോഗം ആദരിച്ചു.

കേരള യൂത്ത് ഫ്രണ്ട് സംസ്ഥാന പ്രസിഡണ്ട് കെ.വി.കണ്ണൻ, കേരള കോൺഗ്രസ് ഉന്നത അധികാര സമിതി അംഗം ജോൺസൺ കാഞ്ഞിരത്തിങ്കൽ, ജില്ലാ വൈസ് പ്രസിഡണ്ട് തോമസ് ആന്റണി, ജില്ലാ ജനറൽ സെക്രട്ടറിമാരായ ഇടിച്ചൻ തരകൻ, ഉണ്ണി വിയ്യൂർ, സി ജെ വിൻസൻറ്, കേരള ദളിത് ഫ്രണ്ട് ജില്ലാ പ്രസിഡണ്ട് എം. കെ. മോഹനൻ, കേരള യൂത്ത് ഫ്രണ്ട് ജില്ലാ പ്രസിഡണ്ട് ജോബി ആലപ്പാട്ട്, കുടുംബ സംഗമം ചെയർമാൻ പി.കെ . ഔസേപ്പ്, ജനറൽ കൺവീനർ പി കെ ശശിധരൻ, സ്വാഗതവും, വർക്കിംഗ് ചെയർമാൻ തോമസ് നന്ദിയും പറഞ്ഞു.

പ്രോഗ്രാമിന് എം. വി .ജോസഫ്. ഒ.ഡി. തോമസ് ,പി.ജി. ദേവസി, സുനിൽ കണ്ടിരുത്തി, കെ. എഫ് .ഗിരീഷ്, ജോബി കെ. ജെ., കെ .പി ബിജോയ്, സജി പി. ഒ., കെ. ഓ.ജോജു, റിജോയ് ആലപ്പാട്ട്, ജെൻസി ഡേവിസ്, ആന്റോ ഡി .കുന്നത്ത്, സി .എ. ജോസ്, സജി ജോർജ് മെക്കാട്ടുകുളം, സി. ജെ.സോണി, കെ.ഐ. ആന്റോ, വി കെ ദിലീപ് വടേരിയാട്ടിൽ, മാഗി ഫ്രാൻസിസ്, എ. എൽ.ആൻറണി, റീന ജോയ്, പോൾസൺ വാഴപ്പള്ളി, സി.ജെ. ഫ്രാൻസിസ്, എം.ടി. ജെറിൻ,തുടങ്ങിയവർ നേതൃത്വം നൽകി.

ഗാന്ധിജയന്തി വാരാഘോഷം സമാപിച്ചു

തൃശ്ശൂർ: 24 കേരള ബറ്റാലിയന്റെ കിഴിലുള്ള മറ്റം സെന്റ് ഫ്രാൻസിസ് ഹയർ സെക്കൻഡറി എൻസിസി യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ നടത്തിയ ഗാന്ധിജയന്തി വാരാഘോഷം സമാപിച്ചു. കേച്ചേരിപ്പുഴയുടെ ഭാഗമായ ആളൂർ പാലവും പരിസരവും വൃത്തിയാക്കൽ. കണ്ടാണശ്ശേരീ പഞ്ചായത്ത് ഓഫീസ് മുതൽ മറ്റ് ഹയർ സെക്കൻഡറി സ്കൂൾ വരെയുള്ള റോഡിന്റെ ഇരുവശങ്ങളിലുമുള്ള മാലിന്യം നീക്കംചെയ്യൽ,

ശുചിത്വ ബോധവൽക്കരണ കൂട്ടയോട്ടം, സൈക്കിൾ റാലി, പുഴ സംരക്ഷണ പ്രതിജ്ഞ തുടങ്ങിയ വിവിധ പരിപാടികളാണ് വാരാഘോഷത്തിന് ഭാഗമായി സംഘടിപ്പിച്ചത്. വാരാഘോഷ സമാപനം കണ്ടാണശേരി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് മിനി ജയൻ ഉദ്ഘാടനം ചെയ്തു .

കണ്ടാണശ്ശേരി പഞ്ചായത്ത് വികസന സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ പി. ബാലചന്ദ്രൻ, മേജർ പി.ജെ. സ്റ്റൈജു, പ്രിൻസിപ്പാൾ സന്തോഷ് ടി ഇമ്മട്ടി, ഹവിൽദാർ മഞ്ജിത്ത് സിംഗ്, മുൻ എൽ.സി.സി ഓഫിസർ ഫ്രെഡി കെ.ബി എന്നിവർ വിവിധ പരിപാടികളിൽ പങ്കെടുത്തു. സിനിയർ അണ്ടർ ഓഫിസർ അഭിജിത്ത് മോഹൻ, ശിവമല്ലി, സീനിയർ കേഡറ്റുകളായ മുഹമ്മദ് സി.എം, ആദിത്യൻ സി.എസ്.' ഇസബൽ ജോസ്, സനാ മരിയ,ഗ്രേസ് ജോഷി എന്നിവർ നേതൃത്വം നല്കി.

സ്വച്ഛ് ഭാരത് അഭിയാൻ എന്ന പേരിലാണ് ശുചിത്വ ബോധവത്ക്കരണ പരിപാടി നടത്തിയത്.

മറ്റം സെൻറ് ഫ്രാൻസിസ് ഹയർ സെക്കൻഡറി സ്കൂളിലെ എൻസിസി യൂണിറ്റ് സ്വച്ച് ഭാരത് അഭിയാന്റെ ഭാഗമായി സംഘടിപ്പിച്ച ഗാന്ധിജയന്തി വാരാഘോഷ സമാപനം പഞ്ചായത്ത് പ്രസിഡൻറ് മിനി ജയൻ ഉദ്ഘാടനം ചെയ്യുന്നു.

ഉപജില്ല കായിക മേള 2025-26

ഇരിഞ്ഞാലക്കുട: ഇരിഞ്ഞാലക്കുട വിദ്യാഭ്യാസ ഉപജില്ല കായിക മേള 2025-26 കൊടകര സഹൃദയ എഞ്ചിനീയറിങ് കോളേജ് ഗ്രൗണ്ടിൽ ആരംഭിച്ചു. ഉദ്ഘാടനസമ്മേളനം കൊടകര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അമ്പിളി സോമൻ ഉദ്ഘാടനം ചെയ്തു. ഗ്രാമപഞ്ചായത്ത് അംഗം പദ്മനാഭൻ അധ്യക്ഷത വഹിച്ചു. സഹൃദയ എഞ്ചിനീയറിങ് കോളേജ് എക്സിക്യൂട്ടീവ് ഡയറക്ടർ റവ : ഫാദർ ആന്റോ ചുങ്കത്ത് അനുഗ്രഹപ്രഭാഷണം നടത്തി. ഇരിഞ്ഞാലക്കുട വിദ്യാഭ്യാസ ഉപജില്ലാ ഓഫീസർ രാജീവ്, വികസനസമിതി കൺവീനർ രാജേഷ്, സ്പോർട്സ് സെക്രട്ടറി ഡെന്നി എന്നിവർ സംസാരിച്ചു.

ആറാം പ്രവൃത്തിദിന ക്ലസ്റ്റർ ബഹിഷ്ക്കരിക്കും: കെ പി എസ് ടി എ

തൃശൂർ: ഏപക്ഷീയമായി ആറാം പ്രവൃത്തിദിനം ക്ലസ്റ്റർ പരിശീലനം സംഘടിപ്പിക്കാൻ സർക്കാർ തീരുമാനിച്ചാൽ അത് ബഹിഷ്ക്കരിക്കാൻ കെ പി എസ് ടി എ തൃശ്ശൂർ ജില്ല കമ്മിറ്റിതീരുമാനിച്ചു. മുൻകാലങ്ങളിൽ അധ്യാപക പരിശീലനങ്ങൾ ഉൾപ്പെടെയുള്ള പൊതുവിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിരുന്നത് ക്യു ഐ പി സംഘടനാ യോഗങ്ങളും മറ്റു ഉന്നതതല ചർച്ചകളിലൂടെയായിരുന്നു.രണ്ടാം ഇടതു സർക്കാർ വന്നതു മുതൽ അധ്യാപകരെ മാനിക്കാതെ ഏകപക്ഷീയ തീരുമാനങ്ങൾ അടിച്ചേൽപ്പിക്കുന്ന നയങ്ങളാണ് തുടരുന്നത്. അപ്രഖ്യാപിത നിയമന നിരോധനവും തസ്തിക വെട്ടിക്കുറക്കലുകളുടെയും പൊതുവിദ്യാഭ്യാസ മേഖലയെ ആസൂത്രിതമായി തകർക്കുകയും മറുവശത്ത് രാഷ്ട്രീയ നേട്ടത്തിന്ന് പാലിക്കപ്പെടാത്ത പൊള്ളയായ വാഗ്ദാനങ്ങൾ ഉയർത്തുന്നത് തുടരുകയും ചെയ്യുന്നു. പൊതു സമൂഹത്തെയും പൊതുവിദ്യാഭ്യാസ മേഖലയേയും വഞ്ചിക്കുന്ന സർക്കാർ നയങ്ങൾ പൊതുസമൂഹത്തെ ബോധ്യപ്പെടുത്താൻ . കമ്മറ്റി കാസർകോട് നിന്നും തിരുവനന്തപുരത്തേക്ക് നടത്തിയ പൊതുവിദ്യാഭ്യാസ പരിവർത്തന സന്ദേശ യാത്ര 'മാറ്റൊലി' ക്ക് കഴിഞ്ഞുവെന്ന് യോഗം വിലയിരുത്തി. സർക്കാരിന്റെ വികലമായ പൊതുവിദ്യാഭ്യാസ നയങ്ങൾക്കെതിരെ ഒക്ടോബർ 18ന് ജില്ലാ കേന്ദ്രങ്ങളിൽ മാർച്ചും ധർണയും സംഘടിപ്പിക്കാനും യോഗം തീരുമാനിച്ചു.

യോഗത്തിൽ ജില്ല പ്രസിഡണ്ട് ശ്രീപത്മനാഭൻ പി സി അധ്യക്ഷത വഹിച്ചു. ജില്ല സെക്രട്ടറി ജയപ്രകാശ് പാറപ്പുറത്ത് സ്വാഗതവും കെ എസ് മുഹമ്മദ് റാഫി നന്ദിയും പറഞ്ഞു. സംസ്ഥാന വൈസ് പ്രസിഡൻറ് സാജു ജോർജ് മുഖ്യപ്രഭാഷണം നടത്തി.സുഹൈർ കെ എസ്, ടി യു ജയ്സൺ, റെയ്ജു പോൾ, റെയ്മണ്ട്, ജെസ് ലിൻ ജോർജ്, ഷീന എ ജെ ,ജീജോ സി ആർ, ഗോപാലകൃഷ്ണൻ പി എൻ ,ജോബി കെ ജെ ,ആ ന്റോ പി തട്ടിൽ ,പ്രവീൺ എം കുമാർ, ശ്രീകുമാർ, ബിജോയ് എരണേഴത്ത്, ജിജേഷ് എ കെ, ഷിജോ ഡേവിഡ്, പ്രവീൺകുമാർ കെ, മോളി പി എക്സ്, എ ഡി സാജു, കെ ദിലീപ് കുമാർ, ഷീജ എ ജെ, ദാമു, സുരേഷ് കുമാർ ടി എസ്, ബിബിജു, സെബി കെ ജെ, രമാദേവി കെ, വാഹിദ ബാനു എന്നിവർ സംസാരിച്ചു.

സ്മാർട്ട് ക്ലാസിന്റെ ഉദ്ഘാടനം മന്ത്രി ആർ ബിന്ദു നിർവഹിച്ചു

അവിട്ടത്തൂർ: എൽ. ബി. എസ് എം. എച്ച്.എസ്.എസ് സ്കൂളിൽ സ്മാർട്ട് ക്ലാസ്സ് റൂമിന്റെ ഉദ്ഘാടനം ഉന്നത വിദ്യാഭ്യാസ, സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു നിർവഹിച്ചു. മന്ത്രിയുടെ സ്പെഷ്യൽ ഡെവലപ്മെന്റ് ഫണ്ടിൽ നിന്നും 5 ലക്ഷം രൂപ ഉപയോഗിച്ചാണ് സ്മാർട്ട് ക്ലാസ്സ് റൂം നിർമ്മിച്ചത്.

പൊതു വിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി മിക്ക വിദ്യാലയങ്ങളും ഇന്ന് അന്തർദേശീയ നിലവാരത്തിലുള്ള കെട്ടിടസമുച്ചയങ്ങളുണ്ട്. വിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യം വികസിപ്പിച്ചെടുക്കാനാണ് സർക്കാർ ശ്രമിക്കുന്നതെന്നും മന്ത്രി പറഞ്ഞു. സാങ്കേതികവിദ്യയാൽ നയിക്കപ്പെടുന്ന ലോകത്താണ് നാം ഉള്ളത്. സാങ്കേതികവിദ്യയുടെ നല്ല വശങ്ങൾ ഉപയോഗിക്കാൻ കുട്ടികൾ ശ്രമിക്കണമെന്നും മന്ത്രി പറഞ്ഞു.

സ്കൂൾ ഹാളിൽ നടന്ന ചടങ്ങിൽ വേളൂക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ എസ് ധനീഷ് അധ്യക്ഷത വഹിച്ചു. വേളൂക്കര ഗ്രാമപഞ്ചായത്ത് വാർഡ് മെമ്പർ ലീന ഉണ്ണികൃഷ്ണൻ, സ്കൂൾ പ്രിൻസിപ്പാൾ ഡോ. എ. വി രാജേഷ്, സ്കൂൾ മാനേജർ അജിത് കുമാർ, പി.ടി.എ പ്രസിഡണ്ട് ജോസഫ് അക്കരക്കാരൻ, ഹെഡ് മാസ്റ്റർ മെജോ പോൾ, മാനേജ്മെന്റ് കമ്മിറ്റി അംഗങ്ങളായ എ. സി സുരേഷ്, കെ.കെ ഉണ്ണികൃഷ്ണൻ നമ്പൂതിരി, സീനിയേഴ്സ് സ്റ്റാഫ് വി. ജി അംബിക,സ്കൂൾ ചെയർപേഴ്സൺ ജിയ ജിൻസൺ എന്നിവർ പങ്കെടുത്തു.

ഗസ്റ്റ് ഇൻസ്ട്രക്ടർ ഒഴിവ്

ചാലക്കുടി ഗവ. ഐ.ടി.ഐയിൽ ഡ്രാഫ്റ്റ് മാൻ സിവിൽ, റെഫ്രിജറേഷൻ ആന്റ് എയർ കണ്ടീഷനിംഗ്, ടർണർ എന്നീ ട്രേഡുകളിൽ ഓരോ ഗസ്റ്റ് ഇൻസ്ട്രക്ടർമാരുടെ ഒഴിവുകൾ നിലവിലുണ്ട്. പി.എസ്.സിയുടെ റൊട്ടേഷൻ തയ്യാറാക്കുന്ന സംവരണ, സംവരണേതര ചാർട്ട് പ്രകാരമായിരിക്കും നിയമനം നടത്തുക. ഡ്രാഫ്റ്റ് മാൻ സിവിലിലേക്ക് ഇ. ഡബ്ല്യു. എസ് വിഭാഗത്തിൽ നിന്നും റെഫ്രിജറേഷൻ ആന്റ് എയർ കണ്ടീഷനിംഗ് ഇൻസ്ട്രക്ടർ തസ്തികയിലേക്ക് വിശ്വകർമ്മ വിഭാഗത്തിൽ നിന്നും, ടർണർ ഇൻസ്ട്രക്ടർ തസ്തികയിലേക്ക് ഒ.സി വിഭാഗത്തിൽ നിന്നുമാണ് നിയമനം നടത്തുക.

യോഗ്യരായ ഉദ്യോഗാർത്ഥികൾ അസൽ സർട്ടിഫിക്കറ്റുകൾ സഹിതം ഒക്ടോബർ 15 ന് രാവിലെ 10.30 ന് ഐടിഐയിൽ നടത്തുന്ന അഭിമുഖത്തിന് ഹാജരാകണം. ഫോൺ : 0480 2701491

എൻ.എസ്.എസ്. മേഖലാ നേതൃയോഗങ്ങൾക്ക് തുടക്കമായി

ഇരിങ്ങാലക്കുട: മുകുന്ദപുരം താലൂക്ക് യൂണിയന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന സംയുക്ത മേഖലാ നേതൃയോഗങ്ങൾക്ക് ഇരിങ്ങാലക്കുടയിൽ തുടക്കമായി. ശ്രീ സംഗമേശ്വര എൻ.എസ്.എസ്. ഹാളിൽ ചേർന്ന യോഗം കൊടുങ്ങല്ലൂർ താലൂക്ക് യൂണിയൻ പ്രസിഡന്റ് സി. രാജശേഖരൻ ഉദ്ഘാടനം ചെയ്തു. കരയോഗ പ്രവർത്തനങ്ങളുടെ വ്യത്യസ്ഥ മേഖലകളെക്കുറിച്ചുള്ള ആദ്യ ക്ലാസ് അദ്ദേഹം നയിച്ചു.

മുകുന്ദപുരം താലൂക്ക് യൂണിയൻ ചെയർമാൻ അഡ്വ. ഡി. ശങ്കരൻകുട്ടി അദ്ധ്യക്ഷത വഹിച്ചു. യൂണിയൻ ഭരണസമിതി അംഗങ്ങളായ സി. വിജയൻ, രവി കണ്ണൂർ, എ.ജി. മണികണ്ഠൻ, കെ. രാജഗോപാലൻ തുടങ്ങിയവർ വിവിധ വിഷയങ്ങൾ അവതരിപ്പിച്ചു.

താലൂക്ക് യൂണിയൻ സെക്രട്ടറി എസ്. കൃഷ്ണകുമാർ സ്വാഗതവും അഡീഷണൽ ഇൻസ്പെക്ടർ ബി. രതീഷ് കൃതജ്ഞതയും പറഞ്ഞു.

ഇരിങ്ങാലക്കുട, കരുവന്നൂർ, വെള്ളാങ്കല്ലൂർ, അഷ്ടമിച്ചിറ - പുത്തൻചിറ മേഖലകളിലെ കരയോഗം പ്രസിഡന്റ്, വൈസ് പ്രസിഡന്റ് സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ഖജാൻജി, യൂണിയൻ പ്രതിനിധികൾ, ഇലക്ട്രറൽ റോൾ മെമ്പർ, വനിതാ സമാജം പ്രസിഡന്റ്, സെക്രട്ടറി എന്നിവരാണ് നേതൃയോഗത്തിൽ പങ്കെടുത്തത്. അടുത്ത നേതൃയോഗം ഒക്ടോബർ 26ന് ആമ്പല്ലൂരിൽ നടക്കും.

ഖാദി തുണിത്തരങ്ങൾക്ക് 30% റിബേറ്റ്

തൃശൂർ:ദീപാവലി ആഘോഷങ്ങളോടനുബന്ധിച്ച് കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് ഖാദി തുണിത്തരങ്ങൾക്ക് പ്രത്യേക റിബേറ്റ് അനുവദിച്ചു. ഒക്ടോബർ 13 മുതൽ 18 വരെയുള്ള തിയതികളിൽ ഖാദി തുണിത്തരങ്ങളുടെ ചില്ലറ വിൽപനയ്ക്ക് 30 ശതമാനം റിബേറ്റ് ലഭിക്കും.ഖാദി കോട്ടൺ, സിൽക്ക്, സ്പൺ സിൽക്ക് തുണിത്തരങ്ങളുടെ വിൽപനയ്ക്കാണ് റിബേറ്റ് ലഭിക്കുക. വടക്കേ ബസ് സ്റ്റാൻഡിന് സമീപമുള്ള വടക്കുംനാഥൻ ഷോപ്പിംഗ് കോംപ്ലക്സ്, പാലസ് റോഡ്, ഒളരിക്കര എന്നിവിടങ്ങളിലെ ഖാദി ഗ്രാമ സൗഭാഗ്യകളിലും പാവറട്ടി, കേച്ചേരി, പൂവത്തൂർ എന്നിവിടങ്ങളിലെ ഖാദി സൗഭാഗ്യകളിലും വിവിധ ഗ്രാമശിൽപകളിലും ആനുകൂല്യം ലഭ്യമാണ്.

കൂടാതെ, ഈ കേന്ദ്രങ്ങളിൽ ഗ്രാമവ്യവസായ യൂണിറ്റുകളിൽ ഉൽപാദിപ്പിക്കുന്ന കോട്ടൺ കിടക്കകൾ, തേൻ, എള്ളെണ്ണ, സോപ്പ് ഉൽപന്നങ്ങൾ, കരകൗശലവസ്തുക്കൾ തുടങ്ങിയ ഗ്രാമവ്യവസായ ഉൽപന്നങ്ങളും ലഭ്യമാണ്. സർക്കാർ, അർദ്ധ സർക്കാർ ജീവനക്കാർക്ക് ഒരു ലക്ഷം രൂപ വരെ ക്രെഡിറ്റ് സൗകര്യവും ബോർഡ് ഒരുക്കിയിട്ടുണ്ട്. ഫോൺ- 9995772858.

അഭിമുഖം: പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ

തൃശൂർ ജില്ലയിൽ തദ്ദേശ സ്വയംഭരണ വകുപ്പിലേക്കുള്ള പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II (കാറ്റഗറി നമ്പർ 611/2024) തസ്തികയിലേക്കായി 2025 ആഗസ്റ്റ് 12ന് പ്രസിദ്ധീകരിച്ച ചുരുക്ക പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗസ്ഥർക്കായുള്ള അഭിമുഖം(സ്റ്റേജ് I) ഒക്ടോബർ 15,16 തീയതികളിലായി കേരള പബ്ലിക് സർവീസ് കമ്മീഷന്റെ എറണാകുളം മേഖല ഓഫീസിൽ നടക്കും. ഉദ്യോഗാർത്ഥിക്കുള്ള അറിയിപ്പ് എസ്എംഎസ്, പ്രൊഫൈൽ മെസ്സേജ് മുഖേനയും നൽകിയിട്ടുണ്ട്. ഉദ്യോഗാർത്ഥികൾ അഡ്മിഷൻ ടിക്കറ്റ് ഡൗൺലോഡ് ചെയ്ത് നിശ്ചിത സമയത്ത് കേരള പബ്ലിക് സർവീസ് കമ്മീഷന്റെ എറണാകുളം മേഖല ഓഫീസിൽ ഹാജരാകേണ്ടതാണെന്ന് പബ്ലിക് സർവീസ് കമ്മീഷൻ ജില്ലാ ഓഫീസർ അറിയിച്ചു.

District Information Officer

ഇരിങ്ങാലക്കുട പ്രസ് ക്ലബ്ബിന് ഇനി പുതിയ മുഖം

ഇരിങ്ങാലക്കുട : നവീകരിച്ച ഇരിങ്ങാലക്കുട പ്രസ് ക്ലബ്ബിന്റെ ഉദ്ഘാടനം ഐസിഎൽ ഫിൻകോർപ്പ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ അഡ്വ. കെ.ജി. അനിൽകുമാർ നിർവ്വഹിച്ചു.

ചടങ്ങിൽ പ്രസ് ക്ലബ്ബ് പ്രസിഡന്റ് ഷോബി കെ. പോൾ അധ്യക്ഷത വഹിച്ചു.

പ്രസ് ക്ലബ്ബിന്റെ പുതിയ വെബ്സൈറ്റ് നഗരസഭ ചെയർപേഴ്സൺ മേരിക്കുട്ടി ജോയ് ഉൽഘാടനം ചെയ്തു. നാട്ടുകാർക്ക് പത്രസമ്മേളനം അടക്കം ബുക്ക് ചെയ്യാവുന്ന രീതിയിലാണ് വെബ് സൈറ്റ് ഡിസൈൻ ചെയ്തിട്ടുള്ളത്.

ഐഡി കാർഡിന്റെയും, മീഡിയ ലിസ്റ്റിന്റെയും പ്രകാശനം നഗരസഭ വൈസ് ചെയർമാൻ ബൈജു കുറ്റിക്കാടൻ നിർവഹിച്ചു. പ്രസ് ക്ലബ്ബ് എക്സിക്യൂട്ടീവ് അംഗം വിജയകുമാർ മൂലയിലും, ട്രഷറർ ടി സി രാകേഷും അവ ഏറ്റു വാങ്ങി.

അഡ്വ. കെ.ജി. അനിൽ കുമാറിനെയും ഇന്റീരിയർ ഡിസൈനർ സേവ്യർ തോമസിനെയും പ്രസ് ക്ലബ്ബ് വൈസ് പ്രസിഡന്റ് ടി.ജി. സിബിൻ ആദരിച്ചു. ജനറൽ കൺവീനർ ഷാജൻ ചക്കാലക്കൽ സ്വാഗതവും, എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം വി.ആർ. സുകുമാരൻ നന്ദിയും പറഞ്ഞു.

മുല്ലനേഴി പുരസ്കാരം കവി ബി.കെ.ഹരി നാരായണന്

തൃശൂർ:മുല്ലനേഴി ഫൗണ്ടേഷൻ, അവിണിശ്ശേരി സർവീസ് സഹകരണ ബാങ്കിന്റെ സഹകരണത്തോടെ, ഏർപ്പെടുത്തിയ മുല്ലനേഴി പുരസ്കാരം ഈ വർഷം പ്രശസ്ത ഗാനരചയിതാവും കവിയുമായ ബി കെ ഹരിനാരായണന് നൽകുന്നതാണ്. 15001 രൂപയും പ്രശസ്തി പത്രവും ആർട്ടിസ്റ്റ് പത്മകുമാർ രൂപകൽപ്പന ചെയ്ത ശില്പവും ആണ് പുരസ്കാരം. കവിയും ഗാനരചയിതാവും നടനും അധ്യാപകനും ശാസ്ത്രപ്രചാരകനും ആയിരുന്ന മുല്ലനേഴിയുടെ വിവിധ കർമ്മമണ്ഡലങ്ങളിലെ പ്രതിഭകൾക്കാണ് ഓരോ വർഷവും മാറി മാറി പുരസ്കാരം നൽകി വരുന്നത്. ചലച്ചിത്രഗാനരചനയിലെ മികവ് പരിഗണിച്ചാണ് ഹരിനാരായണന് പുരസ്കാരം

സമ്മാനിക്കുന്നത്.

വിദ്യാലയ കാവ്യപ്രതിഭാ പുരസ്കാരം 5 വിദ്യാർത്ഥികൾക്ക്

മുല്ലനേഴി സ്മാരക വിദ്യാലയ കാവ്യപ്രതിഭാ പുരസ്കാരത്തിനായി സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികൾക്കു വേണ്ടി നടത്തിയ കവിതാമത്സരത്തിൽ വൈഗ അനീഷ് (പ്ലസ് വൺ, കാലടി ശ്രീശാരദ വിദ്യാലയം, എറണാകുളം), ജോയന്ന ബിനു (മൂന്നാം ക്ലാസ്, വി എൽ പി സ്കൂൾ മായന്നൂർ,തൃശ്ശൂർ), ശിവാനി സി എ (എട്ടാം ക്ലാ